I/64572/2023

# സംസ്ഥാന ഭാഗ്യക്കുറി ഡറക്ടറുടെ നടപടിതീർപ്പ്

(ഹാജർ :MAYA N PILLAI )

വിഷയം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് - എസ്റ്റാബ്ളിഷ്മെന്റ് വിഭാഗം-ശ്രീ ഷാജിൽ എം പി,ക്ലർക്ക്,ജില്ലാ ഭാഗ്യക്കുറി ഓഫീസ്,കോഴിക്കോട്-സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു

പരാമർശം:-

1).കോഴിക്കോട് ജില്ലാ PSC യിൽ നിന്നുള്ള 22/04/2002 ലെ D111(1)2185/96 നമ്പർ അഡ്വൈസ്.

2).സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 29/04/2002 ലെ Esta1/45376/99/DSL നമ്പർ ഉത്തരവ്.

3).17/6/2002 ലെ G.O(Rt)No.310/2002/TD നമ്പർ സർക്കാർ ഉത്തരവ്.

4).12/06/2007ലെ സാ.ഉ (സാ):479/07/നി.വ നമ്പർ സർക്കാർ ഉത്തരവ്.

5).07/09/2012 ലെ സ.ഉ (സാ)നമ്പർ.662/2012/നി.വ നമ്പർ സർക്കാർ ഉത്തരവ്.

6)സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 30/03/ 2015 ലെ എസ്റ്റാ.4/5147/12/DSL മ്പർ ഉത്തരവ്.

7.)സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 12/08/2015 ലെ എസ്റ്റാ.4/5147/12/DSL മ്പർ ഉത്തരവ്.

8).05/10/2020 ലെ ശ്രീ ഷാജിൽ എം പി യുടെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ

9).30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലർ

10).G.O.(P).152/2020/Fin dated 5/11/2020 സർക്കാർ ഉത്തരവ്

11).04/11/2022 ലെ Taxes-H1/315/2022-Taxes നമ്പർ കത്ത്.

12).31/01/2023 ലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

13).10/11/2023 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

14).സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 07/10/2023ലെ ഇതേ നമ്പർ ഉത്തരവ്.

1 5 . 07/10/2023ലെ SLTY-IAWOKKD/22/23-E1 നമ്പർ അന്വേഷണ റിപ്പോർട്ട്.

## ഉത്തരവ് നമ്പർ:SLTY/3037/2022-E4. തീയതി 04-12-2023

പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത

ശ്രീ ഷ്ാജിൽ എം. പി. പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ എൽ. ഡി. ക്ലർക്ക് തസ്തികയിൽ 18/05/2002 പൂർവാഹനത്തിൽ ജോലിയിൽ പ്രവേശിക്കുകയും ടി തസ്തികയിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ പരാമർശം (3) പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് I അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

പരാമർശം (4) ഉത്തരവ് പ്രകാരം പ്രസ്തുത ശൂന്യവേതന അവധി 19/07/2007 മുതൽ അഞ്ച് വർഷത്തേക്കും തുടർന്ന് പരാമർശം (5) ഉത്തരവ് പ്രകാരം 19/07/2012 തീയതി മുതൽ അഞ്ച് വർഷത്തേക്കും ദീർഘിപ്പിച്ചു നല്കിയിരുന്നു. പരാമർ ശം (6) ഉത്തരവ് പ്രകാരം ഉപയോഗിക്കാത്ത ശൂന്യവേതനാവധിഭാഗം റദ്ദ് ചെയ്ത് 28/05/2015 പൂർവാഹനത്തിൽ ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ചു. പിന്നീട് പരാമർശം (7) ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ അഞ്ച് വർഷത്തേക്ക് കേരള സർവ്വീസ് റൂൾസ് പാർട്ട് I അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുകയും 14/ 08/ 201 5 യിൽ അവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധികാലയളവ് 13/08/2020 -ന് അവസാനിക്കുകയും ചെയ്തു.

സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട മറ്റ് ജോലികളിൽ ഏർപ്പെടുന്നതിന് കെഎസ്ആർ ഭാഗം ഒന്ന് അനുബന്ധം XII A പ്രകാരവും വിദേശത്തോ സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെഎസ്ആർ ഭാഗം ഒന്ന് അനുബന്ധം XII C പ്രകാരവും ഒരു ഘട്ടത്തിൽ അഞ്ചുവർഷം എന്ന തരത്തിൽ പരമാവധി 2 0 വർഷം വരെ അനുവദിച്ചുവന്നിരുന്ന ശൂന്യവേതന അവധി പരാമർശം (10) സർക്കാർ ഉത്തരവുപ്രകാരം സർവീസ് കാലയളവിൽ പരമാവധി അഞ്ചുവർഷമായി നിജപ്പെടുത്തുകയുണ്ടായി.

പരാമർ ശം ( 7 ) ഉത്തരവ് പ്രകാരം അനുവദിച്ച അവധി ദീർഘിപ്പിച്ചു നൽകണമെന്ന് ശ്രീ ഷാജിൽ എം പി പരാമർശം (8)പ്രകാരം അപേക്ഷിച്ചിരുന്നതും പരാമർ ശം ( 9 ) സർക്കുലറിലെ നിർദേശ പ്രകാരം ടിയാൻ സമർപ്പിച്ച രേഖകൾ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതുമാണ്. ശ്രീ ഷജിൽ എം. പി. തൊഴിലുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ കരാറായി പരിഗണിക്കാൻ സാധിക്കാത്തതിനാൽ പരാമർശം (9) സർക്കുലറിലെ നിർദേശങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കാൻ പരാമർശം (11) പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു.

അനുവദിച്ച ശൂന്യവേതനാവധി കാലയളവ് കഴിഞ്ഞ് 14/08/2020- ന് ജോലിയിൽ പ്രവേശിക്കേണ്ട ശ്രീ.ഷാജിൽ.എം.പി ജോലിക്ക് ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) **ചട്ടങ്ങൾ** അനുസരിച്ചുള്ള ചാർജ്ജ് മെമ്മോ,കുറ്റാരോപണ പത്രിക എന്നിവ പരാമർശം ( 1 2 ) പ്രകാരം ടിയാന് നൽകിയിരുന്നു.

പരാമർശം (12) പ്രകാരം ശ്രീ ഷാജിൽ എം പിക്ക് നൽകിയ ചാർജ് മെമ്മോ

21/03/2023 തീയതി ടിയാൻകൈപ്പറ്റിയെങ്കിലും എതിർ വാദ പത്രിക സമർപ്പിക്കുകയുണ്ടായില്ല.

ടിയാന്റെ എതിർ വാദ പത്രിക ലഭിക്കാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ വിശദീകരണമൊന്നും ബോധിപ്പിക്കാനില്ലെന്ന അനുമാനത്തിൽ എത്തുകയും തുടർന്ന് പരാമർ ശം (14) പ്രകാരം കോഴിക്കോട് ആഭ്യന്തരപരിശോധനാ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്. അനിൽകുമാറിനെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും പരാമർശം (15)പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഷാജിൽ.എം.പി കുടുംബസമേതം ഗുജറാത്തിൽ സ്ഥിരതാമസമാക്കി അവിടെയുള്ള ജാം നഗർ യൂട്ടിലിറ്റി സൂറത്ത് എന്ന സ്ഥാപനത്തിൽ ജോലിചെയ്തുവരികയാണെന്നും 31/05/2024 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ തിരിച്ച് ഭാഗ്യക്കുറി വകുപ്പിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയുകയില്ലായെന്നുള്ള വിവരം അന്വേഷണ ഉദ്യോഗസ്ഥനെ അറിയിച്ചതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ടി അന്വേഷണ റിപ്പോർട്ടിൻ പ്രകാരം ശ്രീ ഷാജിൽ എം. പി.- യ്ക്കെതിരായി ആരോപിക്കപ്പെട്ട അനധികൃത ഹാജരില്ലായ്മ എന്ന കുറ്റം തെളിഞ്ഞിട്ടുള്ളതായി ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർക്കാർ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനം കൈക്കൊണ്ടിരുന്നതുമാണ്.

കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(12)(b) അനുസരിച്ചു ടി താൽക്കാലിക തീരുമാനം സംബന്ധിച്ച നോടീസ് ടി നടപടിക്കാധാരമായ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ടിയാന് പരാമർ ശം (13) പ്രകാരം അയച്ചു കൊടുത്തിരുന്നതും ആയതന്മേൽ എന്തെങ്കിലും ബോധിപ്പിക്കുവാനുള്ള പക്ഷം 1 5 ദിവസത്തിനുള്ളിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നതുമാണെങ്കിലും ശ്രീ.ഷാജിൽ.എം.പി പ്രസ്തുത നോട്ടീസിന് ഇതുവരെയും മറുപടി സമർപ്പിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ KSR ഭാഗം-I അനുബന്ധം XII A പ്രകാരം അനുവദിച്ചു നൽകിയ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ സർവ്വീസിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ക്ലർക്ക് ആയ ശ്രീ.ഷാജിൽ.എം.പിയുടെ പ്രവൃത്തി തികഞ്ഞ അച്ചടക്കലംഘനമായി കണ്ട് ടിയാനെ സർക്കാർ സർവീസിൽ നിന്നും പിരിച്ചു വിടാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ടും ടി ശ്രീ ഷജിൽ എം. പി.- യെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1)(vii) പ്രകാരം സംസ്ഥാന സർക്കാർ സർവീസിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു

I/64572/2023

MAYA N PILLAI
JOINT DIRECTOR (ADMSN)

ശ്രീ.ഷാജിൽ.എം.പി.
ഉപാസന,കനാൽ റോഡ്
എരഞ്ഞിപ്പാലം,കോഴിക്കോട്
പകർപ്പ്:

സെക്രട്ടറി, നികുതി (എച്ച് )വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ട് ജനറൽ (എ&E) കേരള , തിരുവനന്തപുരം.
ജില്ലാ ഭാഗ്യക്കുറി ഓഫീസർ,കോഴിക്കോട്
അക്കൗണ്ട് വിഭാഗം/സൂക്ഷിപ്പ് ഫയൽ

Signed by
Maya N Pillai
Date: 04-12-2023 15:08:55